# തണൽ

## തിരൂർ നഗരസഭ പകൽവീട് പ്രവർത്തനം സംബന്ധിച്ച ബൈലോ

തിരൂർ നഗരസഭ വക നിർമ്മിച്ചിട്ടുള്ള പകൽവീട് പ്രവർത്തനം സംബന്ധിച്ച് 1994-ലെ കെ.എം. ആക്ട് സെക്ഷൻ 567 പ്രകാരമുള്ള അധികാരം ഉപയോഗിച്ച് തിരൂർ നഗരസഭ കൗൺസിൽ തയ്യാറാക്കിയ നിയമാവലി

1. ഈ ബൈലോയുടെ പേര് തിരൂർ നഗരസഭ പകൽവീട് പ്രവർത്തനം സംബന്ധിച്ച ബൈലോ എന്നാകുന്നു.
2. ഈ നിയമാവലിക്ക് 09.08.2017 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.
3. ഈ നിയമാവലിക്ക് 1994-ലെ മുനിസിപ്പൽ ആക്ടിന് കീഴിലുള്ള നിർവ്വചനങ്ങൾ ബാധകമായിരിക്കുന്നതാണ്.
4. പകൽവീട്ടിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന 60 വയസ്സിന് മുകളിലുള്ളവരെ താഴെപറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശിപ്പിക്കുന്നത്.
   എ) നഗരസഭാ പ്രദേശത്ത് കഴിയുന്ന ആളായിരിക്കണം.
   ബി) പകൽ സമയങ്ങളിൽ സ്വന്തം വീട്ടിൽ മറ്റു ആശ്രിതർ ഇല്ലാതെ കഴിയുന്നവർ
5. മാനസിക വൈകല്യമുള്ളവർക്കും അക്രമവാസനയുള്ളവർക്കും ടി മന്ദിരത്തിൽ പ്രവേശനം അനുവദിക്കുന്നതല്ല.
6. പകൽവീടിൽ പ്രവേശനം അനുവദിക്കുന്നവർക്ക് പ്രത്യേകം രജിസ്ട്രേഷൻ ബാധകമാണ്.
7. പ്രവേശനം താൽപ്പര്യപ്പെടുന്ന ആൾ ഉൾക്കൊള്ളുന്ന വാർഡിലെ ജനപ്രതിനിധി, ബഹു. നഗരസഭ ചെയർമാൻ എന്നിവരുടെ പ്രവേശനത്തിന് അനുകൂലമായ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.
8. പ്രവേശിക്കുന്നവരുടെ സ്വത്തുക്കൾ പണം സ്വർണ്ണാഭരണങ്ങൾ മറ്റ് രേഖകൾ എന്നിവയ്ക്ക് നഗരസഭ ഉത്തരവാദിയായിരിക്കുന്നതല്ല.
9. ടി മന്ദിരത്തിൽ പ്രവേശിക്കുന്നവരുടെ മരണം സംബന്ധിച്ച് നഗരസഭയോ മറ്റ് ഉദ്യോഗസ്ഥരോ ഉത്തരവാദിയായിരിക്കുന്നതല്ല.
10. ഭക്ഷണ ഇനം കാലാകാലങ്ങളിൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2 നേരം നൽകുന്നതാണ്.
11. സാമൂഹ്യ സേവനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഏതെങ്കിലും സംഘടന ടി മന്ദിരത്തിന്റെ നടത്തിപ്പിന് താൽപ്പര്യം പ്രകടിപ്പിച്ചാൽ അത് അനുവദിക്കുന്നതിനുള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമായിരിക്കും.
12. പ്രവേശിപ്പിക്കപ്പെട്ടവർക്ക് ആവശ്യമായ ഭക്ഷണം, ആരോഗ്യ സഹായം, റിക്രിയേഷൻ, ലൈബ്രറി എന്നിവയ്ക്ക് പുറമെ മാനസികവും വൈകാരികമായും ശക്തി പകരുന്നതിനുള്ള സഹായങ്ങളും ഉണ്ടായിരിക്കുന്നതാണ്.

13. നഗരസഭയ്ക്ക് കീഴിലുള്ള ഗവ. ആശുപത്രികളിൽ നിന്ന് ചികിത്സയും നഗരസഭയിൽ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയിൽ ടി പകൽവീട് ഭാഗമാകുകയും ചെയ്യുന്നതാണ്.
14. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകമായി തരം തിരിച്ച് വിശ്രമസ്ഥലവും ശൗചാലയവും ഉണ്ടായിരിക്കുന്നതാണ്.
15. ടി മന്ദിരം നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ സർക്കാർ നിബന്ധനകൾക്ക് വിധേയമായി നിയമിക്കുന്നതിനുള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമായിരിക്കും.
16. പകൽവീടിന് സ്വന്തമായി ഒരു വാഹനം ഭാവിയിൽ ലഭ്യമാക്കുന്നതാണ്.
17. പുകവലി, മദ്യം മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗം കർശനമായി തടയുന്നതാണ്. ഒന്നിൽ കൂടുതൽ തവണ അറിയിപ്പ് നൽകിയിട്ടും ഇവയുടെ ഉപയോഗം തുടരുന്നവരെ പുറത്താക്കുന്നതിനുള്ള നടപടികൾ ഗവേണിംഗ് ബോഡിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്നതായിരിക്കും.
18. നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും സന്നദ്ധസംഘടനകൾ നൽകുന്ന സംഭാവനകൾ എന്നിവയിലൂടെ ഭക്ഷണം, അഡ്മിനിസ്ട്രേറ്റീവ് ചെലവ്, ആശുപത്രി ചെലവ്, ജീവനക്കാരുടെ വേതനം മറ്റ് നിത്യനിദാന ചെലവുകൾ എന്നിവയ്ക്ക് ആവശ്യമായ തുക കണ്ടെത്തുന്നതാണ്.
19. സന്നദ്ധസംഘടനകൾ, വ്യക്തികൾ എന്നിവരിൽ നിന്ന് കൃത്യമായ രസീത് നൽകി സംഭാവന ഗവേണിംഗ് ബോഡി സ്വീകരിക്കുന്നതാണ്.
20. തികയാതെ വരുന്ന തുക നഗരസഭ സ്വന്തം ഫണ്ടിൽ നിന്ന് കൗൺസിൽ തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതാണ്.
21. അവയവദാനത്തിന് തയ്യാറായവരിൽ നിന്നും അതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതാണ്.
22. കാലാകാലങ്ങളിൽ കേന്ദ്രത്തിന്റെ നിലവിലുള്ള അവസ്ഥ, പ്രവർത്തനം, ടി കേന്ദ്രത്തിൽ ഏർപ്പെടുത്തേണ്ട സാഹചര്യത്തിൽ എന്നിവ സമയാസമയങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
23. ടി വാർഡിന്റെ ചുമതലയുള്ള JHI ടി കേന്ദ്രത്തിന്റെ പൂർണ്ണ ചുമതല വഹിക്കേണ്ടതും HI-II മേൽനോട്ടം വഹിക്കേണ്ടതുമാണ്.
24. വരവ് ചെലവ് കണക്കുകളും നടത്തിപ്പും സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് താഴെപറയുന്ന രീതിയിലുള്ള ഒരു കമ്മറ്റി രൂപീകരിക്കുന്നതാണ്.
    1. നഗരസഭാ ചെയർമാൻ – ചെയർമാൻ
    2. നഗരസഭാ സെക്രട്ടറി – സെക്രട്ടറി
    3. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് സെക്കന്റ് – കൺവീനർ
    4. മെമ്പർമാർ – ഹെൽത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരംഗം, വാർഡ് കൗൺസിലർ, പകൽവീട്ടിലെ ഒരു സ്റ്റാഫ്,

പകൽവീട് പ്രവർത്തകരിൽ നിന്നും 2 പേർ (ഒരു വനിത) പൊതു ജനങ്ങളിൽ നിന്നും 2 പേർ, മെഡിക്കൽ ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർ

25. ആവശ്യമാണെന്ന് കാണുന്ന പക്ഷം ഈ നിയമാവലിയിൽ ഏതെങ്കിലും വ്യവസ്ഥകൾ കൂട്ടിച്ചേർക്കുന്നതിനും ഭേതഗതികൾ വരുത്തുന്നതിനും നടപടി ക്രമങ്ങൾക്ക് വിധേയമായി നഗരസഭ കൗൺസിലിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതുമാണ്.
26. ഈ നിയമാവലിയിൽ ഏതെങ്കിലും തർക്കം ഉണ്ടാവുകയോ വിശദീകരണം ആവശ്യമായി വരുകയോ ചെയ്താൽ ആയതിൻമേൽ നഗരസഭ കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കും.

സെക്രട്ടറി

തിരൂർ നഗരസഭ

************************************